## 15 -ാം കേരള നിയമസഭ

## 5 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3318** **13-07-2022 - ൽ മറുപടിയ്ക്ക്**

## പി കൃഷ്ണപിള്ള സാംസ്കാരിക സമുച്ചയം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം എസ് അരുൺ കുമാർ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | മാവേലിക്കര മണ്ഡലത്തിലെ നൂറനാട് സ്ഥാപിക്കുന്ന പി. കൃഷ്ണപിള്ള സാംസ്കാരിക സമുച്ചയ നിർമ്മാണവുമായി ബന്ധപ്പെട്ട ഫയലിൽ റവന്യൂ വകുപ്പ് ( റവന്യൂ എം2/30/2021) സ്വീകരിച്ച നടപടി വിശദമാക്കുമോ; പ്രസ്തുത അനുമതി അടിയന്തരമായി ലഭ്യമാക്കുമോ? | (എ) | മാവേലിക്കര മണ്ഡലത്തിലെ നൂറനാട് പി. കൃഷ്ണപിള്ള സാംസ്കാരിക സമുച്ചയം നിർമ്മാണത്തിനായി ഭൂമി അനുവദിക്കുന്ന വിഷയം സർക്കാരിന്റെ സജീവ പരിഗണനയിലാണ്.<br><br>സാംസ്കാരിക സമുച്ചയ നിർമ്മാണത്തിനായി ആലപ്പുഴ ജില്ലയിൽ മാവേലിക്കര താലൂക്കിൽ താമരക്കുളം വില്ലേജിൽ ബ്ലോക്ക് നമ്പർ 18ലെ റീ-സർവ്വേ നമ്പർ 30-ൽപ്പെട്ടതും ആരോഗ്യ വകുപ്പിന്റെ കൈവശമുള്ളതുമായ 5 ഏക്കർ ഭൂമിയുടെ ഉടമസ്ഥാവകാശം ആരോഗ്യ വകുപ്പിൽ തന്നെ നിലനിർത്തി ആയതിന്റെ കൈവശാവകാശം സാംസ്കാരിക വകുപ്പിന് വിട്ടു നൽകുന്നതിന് ആരോഗ്യ വകുപ്പിന് സമ്മതമാണെന്ന് പ്രസ്തുത വകുപ്പ് അറിയിച്ചിരുന്നു. എന്നാൽ ഭൂമി ഏതു വകുപ്പിന്റെ കൈവശമുള്ളതാണെങ്കിലും അതിന്റെ ഉടമസ്ഥാവകാശം റവന്യൂ വകുപ്പിൽ നിക്ഷിപ്തമാണ്. ആയതിനാൽ ആരോഗ്യ വകുപ്പിന്റെ കൈവശത്തിലുള്ള ഭൂമിയുടെ ഉടമസ്ഥത റവന്യൂ വകുപ്പിൽ നിലനിർത്തിയതിനു ശേഷം സേവന വകുപ്പുകൾ തമ്മിലുള്ള ഭൂമി കൈമാറ്റ വ്യവസ്ഥകൾക്ക് വിധേയമായി സാംസ്കാരിക വകുപ്പിന് ഉപയോഗാനുമതി നൽകുക മാത്രമേ സാധ്യമാകുകയുള്ളൂ. ആയതിനാൽ ഭൂമി റവന്യൂ വകുപ്പിൽ നിക്ഷിപ്തമാക്കുന്നതിന് ആരോഗ്യ വകുപ്പിൽ നിന്നുള്ള എൻഓസി ലഭ്യമായി കഴിഞ്ഞാൽ ഈ വിഷയത്തിൽ തീരുമാനം കൈക്കൊള്ളുന്നതാണ്. |

സെക്ഷൻ ഓഫീസർ